# നീര ഉത്പാദനം: റിപ്പോർട്ട് വൈകിയേക്കും കേരകർഷകർ ആശങ്കയിൽ

ബി. രാജേഷ്കുമാർ

**കൊച്ചി:** കേരകൃഷി മേഖലയ്ക്ക് ആശ്വാസമാകുന്ന നീര ഉത്പാദന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ വൈകുമെന്ന് സൂചന. ഇത് സംബന്ധിച്ച് ഉന്നതതല കമ്മിറ്റി രൂപവത്കരിച്ച് ഒരു തവണ യോഗം ചേർന്നതല്ലാതെ തുടർ നടപടികളൊന്നുമായിട്ടില്ല. മാർച്ച് ഏഴിന് യോഗം ചേർന്ന് ഇടക്കാല റിപ്പോർട്ട് നൽകാനാണ് കമ്മിറ്റി നീക്കമെന്ന് അറിയുന്നു. അന്തിമ പഠന റിപ്പോർട്ട് നൽകാൻ ആറ് മാസംകൂടി ചോദിക്കാനുള്ള നീക്കവുമുണ്ട്. പരമ്പരാഗത കള്ളുവ്യവസായത്തെ ബാധിക്കാതെ എങ്ങനെ നീര പദ്ധതി നടപ്പിലാക്കുമെന്നതാണ് സർക്കാരിന് മുന്നിലുള്ള വെല്ലുവിളി.

കമ്മിറ്റി റിപ്പോർട്ട് നൽകുന്നതിലെ കാലതാമസം നീര ഉത്പാദനത്തിനായുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നത് വൈകാനിടയാക്കും. ഒരു വർഷത്തിനുള്ളിൽ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപനം ഉണ്ടാവും. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചാൽ നയപരമായ തീരുമാനമെടുക്കാൻ കഴിയില്ല. ഒമ്പതംഗ കമ്മിറ്റിയിൽ കർഷക പ്രതിനിധിയായി ഒരാളെയുള്ളൂ. ഇതുകാരണം കർഷകരുടെ താത്പര്യങ്ങൾക്ക് പ്രാധാന്യം ലഭിക്കില്ലെന്ന ആശങ്കയുമുണ്ട്. നീര ഉത്പാദനത്തിന് അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് കർഷകരും നാളികേര വികസന ബോർഡും ആവശ്യപ്പെടുന്നത്.

കള്ളുചെത്ത് വ്യവസായം നേരിടുന്ന പ്രതിസന്ധി, വ്യവസായത്തിന്റെ ഭാവി, തൊഴിൽ പ്രതിസന്ധി, ശുദ്ധകള്ളിന്റെ ലഭ്യത, നീരയുടെ ഉത്പാദനം, വിപണനം, കയറ്റുമതി സാധ്യത, നീരയിൽ മായം ചേർക്കുന്നതിനുള്ള സാധ്യത തുടങ്ങി 12 കാര്യങ്ങളെക്കുറിച്ച് പഠനം നടത്തി മാർച്ച് 15ന് മുമ്പ് റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് സർക്കാർ ഉത്തരവ്.

നീര ഉത്പാദനം സംബന്ധിച്ച തീരുമാനമെടുക്കാൻ കഴിഞ്ഞ മാസമാണ് എക്സൈസ് കമ്മീഷണർ ചെയർമാനായി കമ്മിറ്റി രൂപവത്കരിച്ചത്. ഒരു കർഷക പ്രതിനിധിക്ക് പുറമെ ജോയിന്റ് എക്സൈസ് കമ്മീഷണർ, ഐ.എൻ.ടി.യു.സി, സി.ഐ.ടി.യു., എ.ഐ.ടി.യു.സി, ബി.എം.എസ്. ട്രേഡ് യൂണിയൻ പ്രതിനിധികൾ, നാളികേര വികസന ബോർഡ് ഡയറക്ടർ, കാർഷിക സർവകലാശാല പ്രതിനിധി എന്നിവരാണ് മറ്റംഗങ്ങൾ.

തെങ്ങ് ചെത്തി നീര (മധുരക്കള്ള്) ഉത്പാദനത്തിന് അനുമതി നൽകണമെന്നത് കർഷകരുടെ ഏറെക്കാലത്തെ ആവശ്യമാണ്. എന്നാൽ കേരളത്തിലെ അബ്കാരി നിയമപ്രകാരം നീരയ്ക്കായി തെങ്ങ് ചെത്താൻ അനുമതിയില്ല. നീര ലഹരിപാനീയമാകാതെ, പുളിക്കാതെ സൂക്ഷിക്കുന്നതിനുള്ള സാങ്കേതികവിദ്യ കാർഷിക സർവകലാശാല വികസിപ്പിച്ചിട്ടുണ്ട്.

നീരയിൽ നിന്ന് തെങ്ങിൻപഞ്ചസാര, പോഷകസമൃദ്ധമായ ശീതളപാനീയം, മിഠായി തുടങ്ങിയ മൂല്യവർധിത ഉത്പന്നങ്ങൾക്കുള്ള സാധ്യത മറ്റു സംസ്ഥാനങ്ങൾ ഉപയോഗപ്പെടുത്താൻ തുടങ്ങിയിട്ടും കേരളം മടിച്ചുനിൽക്കുകയാണ്. 18 കോടി തെങ്ങുകളുള്ള കേരളത്തിൽ ഒരു ലക്ഷത്തിൽ താഴെ മാത്രം തെങ്ങുകളാണ് കള്ളിനായി ചെത്തുന്നത്. തെങ്ങൊന്നിന് ശരാശരി 250 രൂപ മാത്രമാണ് കർഷകന് പ്രതിമാസം ലഭിക്കുന്നത്. നീര ഉത്പാദനം വരുന്നതോടെ വരുമാനം 2500 രൂപയായി ഉയരുമെന്നാണ് കണക്കാക്കുന്നത്.

നീര ഉത്പാദനം തുടങ്ങിയാൽ നിലവിലുള്ള ചെത്തുതൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുമെന്ന വാദം അടിസ്ഥാനരഹിതമാണെന്നും നീര ഉത്പാദനത്തിലൂടെ കൂടുതൽ പേർക്ക് മെച്ചപ്പെട്ട വേതനം വാങ്ങാൻ കഴിയുമെന്നും നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് പറയുന്നു. കള്ളിന് പുറമെ നീരയ്ക്കായും തെങ്ങ് ചെത്തുന്ന സ്ഥിതി വരുന്നതോടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

പ്രതിദിനം 25 തെങ്ങുകൾ ഒരാൾക്ക് നീരയ്ക്കായി ചെത്താൻ കഴിഞ്ഞാൽ 37,500 രൂപ പ്രതിമാസ വരുമാനം ലഭിക്കുമെന്നാണ് നാളികേര വികസന ബോർഡിന്റെ കണക്ക്.

## ചെത്തുന്നവർ ഇനി 'നീര ടെക്നീഷ്യൻ'

**കൊച്ചി:** നീരയ്ക്കായി തെങ്ങുചെത്തുന്നവരെ ചെത്തുകാരൻ എന്ന പേരിൽ നിന്ന് മോചിപ്പിക്കാനുള്ള ശ്രമത്തിലാണ് നാളികേര വികസന ബോർഡ്. തെങ്ങ്കയറ്റം പരിശീലിച്ചവരെ തെങ്ങിന്റെ ചങ്ങാതികളെന്ന് പേരിട്ടതുപോലെ ടെക്നീഷ്യൻ എന്ന പേരും ഈ മേഖലയിലേക്ക് കൊണ്ടുവരാനാണ് ശ്രമം. 10,000 നീര ടെക്നീഷ്യൻമാരെ പരിശീലിപ്പിക്കാൻ ബജറ്റിൽ തുക നീക്കിവെയ്ക്കണമെന്ന് ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ട്. തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടി വൻ വിജയമായതിനെ തുടർന്നാണ് പുതിയ പദ്ധതിക്ക് ബോർഡ് തുടക്കമിടുന്നത്.